# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

10.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3421

### ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | നബാർഡ് ആർ.ഐ.ഡി.എഫ് 2015-ൽ ഉൾപ്പെടുത്തിയ ചെല്ലാനം മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ; | (എ) | നബാർഡ് ആർ.ഐ.ഡി എഫ് XV പ്രകാരം രണ്ടാം ഘട്ട വികസന പ്രവൃത്തികൾക്ക് 2990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>നബാർഡ് XV ന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപ് സ്ഥലം ലഭ്യമാകാത്തതിനാൽ ഹാർബറിന്റെ ബാക്കി നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ സാധിച്ചില്ല. 2017-18 സാമ്പത്തിക വർഷത്തിൽ നബാർഡ് പദ്ധതിയിൽ (RIDF XXIII) ഉൾപ്പെടുത്തി ചെല്ലാനം ഫിഷറി ഹാർബറിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് 1037.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി സ്ഥലം ലഭ്യമായാൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുകയുടെ ഭരണാനുമതി ലഭിച്ചു എന്നും പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നും എത്ര തുക ചെലവായി എന്നും വ്യക്തമാക്കുമോ; | (ബി) | എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപയുടെയും രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് നബാർഡ് RIDF XV ൽ ഉൾപ്പെടുത്തി 29.90 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br>ഒന്നും രണ്ടും ഘട്ടങ്ങളിലായി ആകെ 2548.29 ലക്ഷം രൂപ ചെലവിൽ വടക്കേ പുലിമുട്ട് 150 മീറ്ററും തെക്കേ പുലിമുട്ട് 570 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയിലെ മറ്റു ഘടകങ്ങളായ ലേലപ്പുര, അപ്രോച്ച് റോഡ്, ലോക്കർ റൂം എന്നിവയുടെ നിർമ്മാണങ്ങളുടെ എസ്റ്റിമേറ്റ് തുക എത്ര എന്നും ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ; | (സി) | പദ്ധതിയിലെ മറ്റുഘടകങ്ങളായ ലേലപ്പുര, വാർഫ്, എന്നിവയുടെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 600 ലക്ഷം രൂപയാണ്. ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ്, കൾവർട്ട് എന്നിവയുടെ എസ്റ്റിമേറ്റ് തുക 120 ലക്ഷം രൂപയാണ്. പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി |

| | | | |
|---|---|---|---|
| | | | പൂർത്തിയായി സ്ഥലം ലഭ്യമായാൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |
| ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച 4.09.2013-ലെ ജി.ഒ(ആർ.റ്റി) 537/2013/ആർ.സി, 11.09.2015-ലെ ജി.ഒ(ആർ.റ്റി) 750/2015/മത്സ്യ ഉത്തരവുകൾ പ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ? | (ഡി) | 04/09/2013 ലെ സ.ഉ(സാധാ) 537/13/റ.വ നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയിലെ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണത്തിനായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിരുന്നു.<br>11/09/2015 ലെ സ.ഉ(സാധാ) 750/15/മ.തു.വ ഉത്തരവ് പ്രകാരം ടി പദ്ധതിയ്ക്ക് 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകി എന്നാൽ പ്രദേശവാസികളുടെ സമ്മതപത്രം ലഭിക്കാത്തതിനാൽ നെഗോഷ്യബിൾ പർച്ചേസിലൂടെ സ്ഥലമെടുപ്പ് നടത്തുവാൻ സാധിച്ചില്ല.<br>ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പുതിയ അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക 16/03/2018 ൽ എറണാകുളം സ്പെഷ്യൽ തഹസിൽദാർ (ലാന്റ് അക്വിസിഷൻ) -ടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ആർ.ആർ. പാക്കേജിൽ ( Rehabilitation and Resettlement Package) ഉൾപ്പെടുത്തി ജില്ലാ കളക്ടർ സമർപ്പിച്ച അപേക്ഷയ്ക്ക് ലാന്റ് റവന്യൂ കമ്മീഷണർ അനുമതി നൽകി. വില്ലേജ് ആഫീസർ ഡ്രാഫ്റ്റ് ഡിക്ലറേഷൻ തയ്യാറാക്കി തഹസിൽദാർ, കളക്ടർ വഴി ലാന്റ് റവന്യൂ കമ്മീഷണറുടെ അനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ